# കുട്ടികൾ:
# കിട്ടാതെപോകുന്ന ഗൃഹപാഠങ്ങൾ



സമൂഹത്തിന്റെ കണ്ണിയാകുന്ന കുടുംബം. സ്നേഹവും ഗുണകാംക്ഷയും ഉത്തമസ്വഭാവവുമുള്ള കുടുംബമാണ് സമൂഹത്തിന്റെ സമ്പത്ത്.

കുടുംബത്തെ അടുത്തറിയുന്നത് അവരുടെ പെരുമാറ്റ-സ്വഭാവങ്ങളിലൂടെയാകുന്നു. സമൂഹവുമായുള്ള അവരുടെ സമീപനം എത്രമാത്രം ഉന്നതമാണോ അതിനനുസരിച്ച് ആ കുടുംബം സൽപേരിന് അർഹരാകും. കുടുംബത്തെ സമൂഹം മോശമായി കാണുന്നതിനാധാരവും അവരുടെ പെരുമാറ്റ-സ്വഭാവങ്ങളാകുന്നു.

പിതാവ്, മാതാവ്, മക്കൾ ഇവർ ചേർന്നതാണ് കുടുംബത്തിന്റെ അടിസ്ഥാനം. രക്ഷിതാക്കളുടെ സ്വഭാവ-ശീലങ്ങളെ പ്രതിനിധീകരിക്കുന്നവരാണ് മക്കൾ. തികച്ചും വ്യത്യസ്ത പ്രകൃതവും സ്വഭാവവുമുള്ള രണ്ട് വ്യക്തികളാണ് വൈവാഹിക ബന്ധത്തിലൂടെ ദമ്പതികളും രക്ഷിതാക്കളുമാകുന്നത്. അവരുടെ ജീനുകൾ ഉൾക്കൊണ്ടിട്ടുള്ള എല്ലാ സ്വഭാവ-സവിശേഷതകളും സന്താനങ്ങളും ജനിതകമായി ആർജിക്കും. അവരുടെ ഭിന്ന സ്വഭാവങ്ങളും അഭിരുചികളുമാണ് ആ കുടുംബത്തിന് സാംസ്കാരികാടിത്തറ പാകുന്നത്.

കുട്ടികൾ ഉത്തമ സ്വഭാവം ആർജിക്കുവാനും സമൂഹത്തോട് ഉയർന്ന നിലയിൽ വർത്തിക്കുവാനും പ്രധാനമായും രക്ഷിതാക്കളാണ് ശ്രദ്ധിക്കേണ്ടത്.

## ദമ്പതികൾ പെരുമാറേണ്ടത്

മക്കൾ ആർജിക്കേണ്ട സ്വഭാവവും പെരുമാറ്റരീതിയും അവർക്കു മുമ്പിലെങ്കിലും പ്രകടിപ്പിക്കാൻ രക്ഷിതാക്കൾ നിർബന്ധിതരാണ്. മക്കൾ ആർജിക്കേണ്ട സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും പെരുമാറ്റരീതികളുടെയും കളരിയാണ് വീട്. അവിടെ പിഴക്കുന്ന ചുവട് ജീവിതകാലം മുഴുവൻ അവരെ അലട്ടിക്കൊണ്ടിരിക്കും. പിൽക്കാലത്ത് ഏതെങ്കിലും ഒരു വിഷയത്തിൽ തന്റെ സമീപനം തെറ്റായിരുന്നു എന്ന് ബോധ്യപ്പെടുമ്പോഴാണ് രക്ഷിതാക്കൾ തന്നെ ശീലിപ്പിച്ചതോ താൻ അവരിൽ നിന്ന് സ്വായത്തമാക്കിയതോ ആയ ശീലങ്ങൾ തെറ്റായിരുന്നു എന്ന് അവർക്ക് ബോധ്യപ്പെടുക. അതിനാൽ ഗൃഹാന്തരീക്ഷത്തിൽ ചില പെരുമാറ്റ മാനദണ്ഡങ്ങൾ മാതാപിതാക്കൾ സ്വീകരിക്കേണ്ട തുണ്ട്. കാരണം, ചെറിയ പ്രായം മുതൽ തന്നെ കുട്ടികൾ മാതാപിതാക്കളെ അനുകരിച്ചു തുടങ്ങും. അവരുടെ വാക്കും പ്രവൃത്തിയും കുഞ്ഞുങ്ങൾ ശീലിക്കും.

കുറച്ചു കൂടി വലുതായാൽ തന്റെ മുമ്പിൽ വരുന്ന വിഷയങ്ങളെ പിതാവ്/മാതാവ് കൈകാര്യം ചെയ്തതു പോലെ കൈകാര്യം ചെയ്യാനായിരിക്കും അവർ ശ്രമിക്കുക. വളരുംതോറും ഈ ശീലം അവരുടെ വ്യക്തിത്വത്തിന്റെ ഭാഗമായി മാറും.

വീട്ടിനകത്തു വെച്ച് മറ്റുള്ളവരെ അവരുടെ അഭാവത്തിൽ കെടുത്തി പറയുമ്പോഴും ചീത്തവാക്കുകൾ പറയുമ്പോഴും പരിഹാസ-അപഹാസങ്ങൾ ചെയ്യുമ്പോഴും ഓർക്കുക, നിങ്ങളുടെ സ്വഭാവം അനന്തരമെടുക്കുന്ന നിങ്ങളുടെ സമീപത്തുണ്ടെന്ന്. അവനത് പുറത്ത് പ്രകടിപ്പിക്കുകയും സ്വയം വിലയില്ലാത്തവനായി മാറുകയും ചെയ്യും.

## പരസ്പരം അറിയുക



പരസ്പരം അറിയാതെ ഒന്നുമായും ഇടപഴകുവാൻ സാധിക്കുകയില്ല. ദമ്പതികൾ പരസ്പരം അറിയുകയും അഭിരുചികളെയും ശീലങ്ങളെയും പരസ്പരം ഉൾക്കൊള്ളുകയും വേണം.

പുരുഷനെ മനസ്സിലാക്കാൻ സാധിക്കുന്നതുപോലെ സ്ത്രീയെ പൂർണമായും മനസ്സിലാക്കാൻ സാധിക്കുകയില്ല. അവളുടെ പ്രകൃതിയുടെ ഭാഗമാണത്. എങ്കിലും പരസ്പരം സമീപനത്തിലെ സുതാര്യതക്കും ഗൃഹത്തിന്റെ അച്ചടക്കത്തിനും അനിവാര്യമാണ്. അതിന്റെ അഭാവത്തിൽ പരസ്പരം വിട്ടുവീഴ്ച ചെയ്യുന്നതിനും അറിഞ്ഞാചരിക്കുന്നതിനും സാധിക്കുകയില്ല. എപ്പോഴും തന്റെ ഭാഗം മാത്രം പരിഗണിക്കുന്ന രീതി അവർക്കിടയിൽ ഉണ്ടാവുകയും അത് അസ്വാരസ്യമുണ്ടാക്കുകയും ചെയ്യും.

ഖുർആൻ പറയുന്നു: ''നിങ്ങൾക്ക് സമാധാന പൂർവം ഒത്തുചേരേണ്ടതിന് നിങ്ങളിൽനിന്നു തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ (ദൈവത്തിന്റെ) ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും ഇതിൽ ചിന്തിക്കുന്ന ജനത്തിന് ദൃഷ്ടാന്തമുണ്ട്.'' (അധ്യായം 30 വചനം 21)

ഇവിടെ പ്രതിപാദിച്ച സ്നേഹം ദമ്പതികൾ തമ്മിലുള്ള വികാരവായ്പാണ്. പരസ്പരം വിട്ടുവീഴ്ച ചെയ്തും സ്നേഹിച്ചും ജീവിക്കുകയല്ലാതെ അവർക്കിടയിൽ മറ്റൊരു മാർഗമില്ല. അപ്പോഴാണ് കുഞ്ഞുങ്ങൾ സ്നേഹമുള്ളവരും ധീരരും തുറന്ന ബുദ്ധിയുടെ ഉടമകളുമാവുക. മാനസിക കുടുസ്സുള്ള ദമ്പതികളുടെ മക്കൾ ഇപ്പറഞ്ഞതിന് നേരെ വിപരീതാവസ്ഥയിലായിരിക്കും.

## സ്ത്രീയുടെ മനസ്സ്

സ്ത്രീയുടെ മനസ്സ് എന്തെന്ന് വ്യാഖ്യാനിക്കാനുള്ള അതിസാഹസികതക്ക് മുതിരുന്നില്ല. പക്ഷേ, ഭർത്താവിനോടും മക്കളോടും ഒട്ടിനിൽക്കുന്ന അവളുടെ മനസ്സിൽ സ്വാഭാവികമായ വൈകാരികത ഏറ്റപ്പറ്റുകൾ നിറഞ്ഞതാണ്. വളരെ തരളവുമാണവളുടെ മനസ്സ്. ഏതെങ്കിലും വിഷയത്തിൽ കലിതുള്ളി നിൽക്കുന്നവളാണെങ്കിലും ഭർത്താവിന്റെ സ്നേഹമസൃണമായ ഒരു മൊഴി, തലോടൽ അവളുടെ വൈ



കാരികതയെ ഉരുക്കിക്കളയുന്നതു കാണാം. അതിനാൽ സ്ത്രീയോട് പരുഷമായി പെരുമാറുന്നത് ഖേദത്തിന് നിമിത്തമാകും. മാത്രവുമല്ല, അവളോട് വൈകാരിക മായി പെരുമാറുന്നതാകട്ടെ മക്കളിൽ വലിയ സ്വാധീനമുണ്ടാക്കും.

ഭാര്യയുടെ മനസ്സ് പ്രഥമമായി ഭർത്താവിനെയും തുടർന്ന് മക്കളെയും ചാരി നിൽക്കുന്നതാണ്. അതിനോട് പരുക്കനായി പെരുമാറുന്നത് കുടുംബാന്തരീക്ഷ ത്തിൽ മോശമായ സാഹചര്യമുണ്ടാക്കാനിടയുണ്ട്. ഭാര്യ ഭർത്താവിനോട് പരുഷ മായി പെരുമാറുന്നതിനെക്കാൽ ദുരന്തമുണ്ടാക്കുന്നതാണ് ഭർത്താവ് ഭാര്യയോട് പരുഷമായി പെരുമാറുന്നതിലൂടെ കുട്ടികളുടെ മനസ്സിലുണ്ടാക്കുന്നത്.

അവിടെ രണ്ട് തരത്തിലായിരിക്കും മക്കളുടെ പ്രതികരണമുണ്ടാകുക. ഒന്നുകിൽ മാതാവിന്റെ പക്ഷം ചേർന്ന് പിതാവിനോട് ദേഷ്യം തോന്നിയേക്കാം. അല്ലെങ്കിൽ പിതാവിന്റെ പക്ഷം ചേർന്ന് മാതാവിനെ എതിർത്തേക്കാം. മാതാവിനോട് മക്കൾക്ക് തോന്നുന്ന പ്രയാസം ചിലപ്പോൾ അനാരോഗ്യകരമായ രീതി പ്രാപിച്ചേക്കം. ഏതുനിലയിലായാലും മക്കളുടെ ഭാവിജീവിതത്തിൽ അതിന്റെ സ്വാധീനം തള്ളിക്കള യാനാകില്ല.

## വീട് വിട്ടിറങ്ങുമ്പോഴുള്ള മര്യാദ

ഗൃഹനാഥൻ തന്റെയോ വീടിനിന്റെയോ ഏത് ആവശ്യങ്ങൾക്കുവേണ്ടി പുറത്തു പോകുമ്പോഴും വീട്ടിൽ പറഞ്ഞിറങ്ങണം. വീടിനോടും വീട്ടുകാരോടുമുള്ള സ്നേഹത്തിന്റെയും ബഹുമാനത്തിന്റെ യും സഹകരണത്തിന്റെയും വലിയ ഭാഗമാണ് വീട്ടിൽനിന്നിറങ്ങുമ്പോൾ അവർ പോകുന്ന സ്ഥലം, പരിപാടി, അവിടെ വരാവുന്ന ആളുകളിൽ പ്രധാനികൾ/കാണേണ്ട ആൾ, തിരിച്ചുവരുന്ന സമയം എന്നിവ അറിയിക്കുകയെന്നത്. അത് അവരുടെ ബാധ്യതയും കുടുംബത്തിന്റെ അവകാശവുമാണ്.

ഈ ശീലത്തിന് ഒട്ടേറെ ഗുണങ്ങളുണ്ട്. കുട്ടികളെ സംബന്ധിച്ചിടത്തോളം അതിൽ വലിയ പാഠമുണ്ട്. ജീവിതത്തിലേക്ക് വരുന്നവരാണവർ. പെരുമാറ്റത്തിന്റെ പ്രധാന ഘടകം അനുകരണം തന്നെയാണ്. തന്റെ കാര്യങ്ങൾ വീട്ടിൽ അറിയിക്കാതെ സ്വകാര്യതയിൽ കഴിയുന്ന പിതാവിന്റെ സ്വഭാവം കുട്ടികളിൽ വളർന്നുവരികയും അത്തരം സ്വഭാവം അവരും അനുകരിക്കുകയും ചെയ്യുന്നത് നല്ല രീതിയല്ല.

അതോടൊപ്പം വീടിനോടുള്ള അച്ചടക്കവും മര്യാദയും സ്നേഹവും അവരിൽ ഉണ്ടാക്കുവാനും ഈ ശീലം പിതാവ് പാലിച്ചേ മതിയാകൂ.

പിതാവ് വീട്ടിൽ പറയാതെ പുറത്തു പോകുകയും അദ്ദേഹത്തിന്റെ തിരിച്ചു വരവ് കാണാത്തതിൽ പരിഭവിക്കുകയും ചെയ്യുന്ന മാതാവിന്റെ വേവലാതി കുട്ടികളിൽ സ്വാധീനം ചെലുത്തുമെന്ന് നാം തിരിച്ചറിയുക.

## കുട്ടികൾക്ക് ധീരതയും പ്രശംസയും നൽകുക

ഈയടുത്ത് സുഹൃത്തുമായി സംസാരിക്കുന്നതിനിടയിൽ എന്തോ ഓർത്തതുപോലെ അവൻ പെട്ടെന്ന് എഴുന്നേറ്റ് പുറത്തേക്കിറങ്ങി. 'ഞാൻ കമ്പ്യൂട്ടർ ഓഫാക്കിയിട്ടില്ലെന്നു തോന്നുന്നു. ഇപ്പോൾ വരാം.' അവൻ ഓടിപ്പോയി. തിരിച്ചുവന്നത് ചിരിച്ചുകൊണ്ട്. 'ഓഫാക്കിയി രുന്നു.' അവൻ പറ ഞ്ഞു. ഇത് പല തവണ ആവർത്തിച്ചു. ഞാൻ അവനോട് പറഞ്ഞു: 'നീ അകാരണമായ ഭീതി മനസ്സിൽ കൊണ്ട് നടക്കുന്നുണ്ട്. അത് നല്ലതല്ല.' എന്തോ ഓർത്തതുപോലെ അവൻ ചോദിച്ചു: നിനക്കതെങ്ങനെ മന സ്സിലായി?''



ചെറുപ്പത്തിൽ കുട്ടികളെ പരിചരിക്കുന്നതിൽ സംഭവിക്കുന്ന കാഴ്ചപ്പാടില്ലാ യ്മയാണ് മുകളിൽ പറ ഞ്ഞ സംഭവത്തിനാധാരം.

സ്വന്തമായി കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് കുട്ടികൾക്ക് നേരത്തെ നൽകണം. അവർ ചെയ്യുന്ന കാ ര്യങ്ങളിൽ നല്ലതിനെ പ്രശംസിക്കുകയും അക്കാര്യത്തിൽ അവർ നേരിടേണ്ടിവരുന്ന പ്രതികൂല സാഹച ര്യങ്ങളെ തരണം ചെയ്യാൻ ധൈര്യം നൽകുകയും ചെയ്യേണ്ടത് ആവശ്യമാണ്. ആശങ്കയും അനാവ ശ്യമായ ഭയവും അവരുടെ മനസ്സിൽ സ്ഥാനം പിടിക്കുന്ന രീതിയിലാകരുത് അവരെ ശീലിപ്പിക്കുന്നത്. ഏത് കാര്യവും നിർഭയം ചെയ്യാനുള്ള മാനസികാവസ്ഥ അവർക്ക് നൽകണം. അതിനാലാണ് കുടുംബ വിഷയങ്ങളിലും വീട്ടിലേക്ക് വരുന്ന മുതിർന്ന അഥിതികളുമായുള്ള സംഭാഷണത്തിലുമൊക്കെ കുട്ടി കളെയും പങ്കെടുപ്പിക്കണമെന്ന് സൂചിപ്പിച്ചത്. സ്വയം തീരുമാനിച്ചു ചെയ്യാനുള്ള സന്ദർഭവും സാവകാ ശവും അവർക്ക് കൊടുക്കുന്നത് നല്ലതാണ്. പക്ഷേ, രക്ഷിതാക്കളുടെ മേൽനോട്ടം അവരുടെ മേൽ ഉണ്ടായിരിക്കണം. ചെയ്യില്ലെന്ന് ബോധ്യമുള്ളതോടൊപ്പം ചെറിയ കാര്യങ്ങൾ അവരെ ഏൽപിച്ചു അവ രുടെ കാഴ്ചപ്പാടും കഴിവും വികസിക്കാനുള്ള സന്ദർഭമൊരുക്കണം.

## സമ്മതം ചോദിക്കുന്ന പതിവ്

തങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി സമ്മതം ചോദിക്കുന്ന ശീലം കുട്ടികളിൽ വളർത്തിയെടുക്കുന്നത് നല്ലതുതന്നെ. അവരിൽ തന്നിഷ്ട മനോഭാവം ഇല്ലാതാക്കുവാനും കൂടിയാലോചനാ ശീലം വളർത്താനും അത് ഉപകരിക്കും. എന്നാൽ ഞാൻ ഏത് ഡ്രസ്സിടണം, അവിടെ പൊയ്ക്കോട്ടെ, ഇത് ചെയ്തോട്ടെ, അവന്റെ കൂടെ കളിച്ചോട്ടെ തുടങ്ങിയ എല്ലാ ആവശ്യങ്ങളും തങ്ങളോട് ചോദിക്കണമെന്ന വാശി കുട്ടി കളിൽ അടിച്ചേൽപിക്കുന്നത് ആരോഗ്യകരമല്ല. അതുമൂലം ഭാവിയിൽ സ്വയം തീരുമാനം എടുക്കുന്ന തിൽ അവർക്ക് ശരിയായ കാഴ്ചപ്പാടും കഴിവും വേണ്ടത്ര കിട്ടാതെയാകും. സ്വന്തമായി ഒരു കാര്യം ചെ യ്യേണ്ടിവന്നാൽ /തീരുമാനിക്കേണ്ടിവന്നാൽ അകാരണ ഭീതിയും ആശങ്കയും അവരെ പ്രയാസപ്പെടു ത്തുകയും ചെയ്യും.

## വിലക്കുകൾ ശ്രദ്ധിക്കുക

കുട്ടികൾ കളിക്കുന്നതിനും അവരുടേതായ കുഞ്ഞു ആവശ്യങ്ങൾക്കും വേണ്ടി പറമ്പിലേക്കോ തൊട്ടടു ത്ത അയൽവീട്ടിലേക്കോ കുറച്ചു കൂടി മുതിർന്നവരാണെങ്കിൽ അടുത്ത കളിസ്ഥലങ്ങളിലേക്കോ പോ കാൻ മുതിരുമ്പോഴായിരിക്കും അങ്ങോട്ട് പോകരുത് അവിടെ പട്ടിയുണ്ട്, പാമ്പുണ്ട് എന്നൊക്കെ കുട്ടിക

ളെ വിലക്കുന്നത്. പ്രത്യേകിച്ച് സന്ധ്യയായാൽ കുട്ടികളെ പുറത്തിറങ്ങാൻ അനുവദിക്കുകയില്ല. കുട്ടികളുടെ നേരെ ഉണ്ടായേക്കാവുന്ന അപായങ്ങളെ സംബന്ധിച്ച നമ്മുടെ ഭയത്തിൽനിന്നാണ് ഈ വിലക്ക് വരുന്നത്. പക്ഷേ, അത്തരം വിലക്ക് കുട്ടികളിൽ അകാരണ ഭീതിയും സംശയവും ഉണ്ടാക്കുമെന്ന് നാം മനസ്സിലാക്കണം. രാത്രികാലങ്ങളിൽ വീട്ടിനകത്തു തന്നെ അങ്ങോട്ടുമിങ്ങോട്ടും തനിച്ചു പോകാൻ അവർ ഭയപ്പെടുന്ന അവസ്ഥ ഇതുമൂലം ഉണ്ടായിത്തീരും.

അവരെ സ്വതന്ത്രരായി വിടുക. അവരുടെ മനസ്സും ഭാവനയും അതുമൂലം വേഗം വളരും. അപായങ്ങളെ സംബന്ധിച്ച ശ്രദ്ധ രക്ഷിതാക്കൾക്കുണ്ടായാൽ മതി.

## പേടി ഇല്ലാതാക്കുക

കുട്ടിയായിരിക്കെ ഒരു രാത്രി എന്നെ എന്തോ സാധനം വാങ്ങാൻ അങ്ങാടിയിലേക്കയച്ചു. നല്ല ഇരുട്ട് സമയമാണ്. കാര്യമായ വെളിച്ചം കൈയിലുണ്ടായിരുന്നില്ല. അൽപം കാട് നിറഞ്ഞതായിരുന്നു വഴി. വരുന്ന വഴിയിൽ എന്തോ ശബ്ദം കേട്ട് ഞാൻ ഭയപ്പെട്ട് വീട്ടിലേക്കോടി. കിതച്ചെത്തിയ എന്നെ കണ്ട് പിതാവ് കാരണമാരാഞ്ഞു. ഞാൻ സംഗതി പറഞ്ഞു: ടോർച്ച് എന്റെ കൈയിൽ തന്ന് അദ്ദേഹം ആജ്ഞാപിച്ചു: പോയി നിന്റെ സംശയം തീർത്ത് വാ. ഞാൻ പോയി ഒന്നുമില്ലെന്ന് ഉറപ്പ് വരുത്തി. അല്ലെങ്കിൽ ശിക്ഷ ഉറപ്പ്. കുട്ടിക്കാലത്ത് ഇത് പലപ്പോഴും സംഭവിച്ചിട്ടുണ്ട്. പിൽക്കാലത്താണ് അന്ന് പിതാവ് എന്തിനായിരുന്നു അത്തരം സമീപനം സ്വീകരിച്ചതെന്ന് ബോധ്യപ്പെട്ടത്. മക്കൾ ധീരവും നിർഭയവുമായ മനസ്സിന്റെ ഉടമകളാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിട്ടുണ്ടാകാം.

പകൽ സമയങ്ങളിൽ പറമ്പിൽ കളിക്കുന്നതിനിടയിൽ വല്ലതിനെയും കണ്ട് ഭയപ്പെട്ട് കരയുന്ന കുട്ടികളുടെ അടുത്തേക്ക് വെപ്രാളപ്പെട്ട് ചെന്ന് പിടിച്ചു അകത്തേക്ക് കൊണ്ടുവരികയാണ് നാം മിക്കപ്പോഴും ചെയ്യാറുള്ളത്. ചിലപ്പോൾ പരിസരം ഒന്ന് വീക്ഷിച്ചെന്നും വരാം. ഭയപ്പെട്ടു കരയുന്നവരെ സമാധാനിപ്പിക്കുന്ന ശീലമാണ് പൊതുവെ സ്വീകരിക്കാറുള്ളത്.

ഈ രീതിയിൽ അൽപം മാറ്റം വരുത്തണം. കുട്ടികളെ തൽക്കാലത്തേക്ക് സമാധനിപ്പിച്ചാലും ഭയം അവരുടെ മനസ്സിൽ തന്നെ കിടക്കും. അതിനു പകരം അവരെയും കൂട്ടി പേടിയുടെ കാരണം കണ്ടെത്തുകയും അത് നിവാരണം ചെയ്യുകയും വേണം. അല്ലെങ്കിൽ പേടി അവരുടെ സഹചാരിയായിമാറും.

## അവസ്ഥകളെ നേരിടാൻ പഠിപ്പിക്കുക



പലതരം അവസ്ഥകളുണ്ട് കുട്ടികളുടെ ലോകത്തും. മിക്കപ്പോഴും കൂട്ടുകാരുമായുള്ള കളിയുടെ കാര്യത്തിൽ, അരുടെ ചെറിയ ആവശ്യങ്ങളുടെ പേരിൽ, സാധിക്കാതെ പോയ ആഗ്രഹങ്ങളുടെ പേരിൽ, പഠനത്തിന്റെ കാര്യത്തിൽ, രക്ഷിതാക്കളുടെയോ മറ്റുള്ളവരുടെയോ രോഗകാര്യത്തിൽ, വീട്ടിലെ സാമ്പത്തിക പ്രയാസത്തിന്റെ പേരിൽ ഇങ്ങനെ അവരുടെ മനസ്സുകളിൽ വൈകാരികത ഉണ്ടാവുക സ്വാഭാവികമാണ്. ഇത്തരം രംഗങ്ങളിൽ അവരുടെ പ്രായത്തിനനുസരിച്ച വിധത്തിൽ അവസ്ഥകളെ അഭിമുഖീകരിക്കാനുള്ള കരുത്ത് നൽകേണ്ടത് അനിവാര്യമാണ്. അത്തരം രീതി ഇല്ലാത്തതിനാലാണ് പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കാൻ കുട്ടികൾക്ക് സാധിക്കാതെ പോകുന്നത്.

കുട്ടികളെ നിരുന്മേഷരാക്കുന്ന സാഹചര്യങ്ങളിൽ (അത് ഏതൊക്കെയെന്ന് മുൻകൂട്ടി പറയാനാകില്ല) അവർക്ക് വേണ്ടത്ര ബോധവും തിരിച്ചറിവും നൽകാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുടുംബത്തിന്റെ നിലവിലെ അവസ്ഥകൾ മാറുമ്പോൾ അത് കുട്ടികളെ വേണ്ട രീതിയിൽ ബോധ്യപ്പെടുത്തണം. അതിന്റെ അഭാവത്തിൽ പ്രയാസങ്ങൾ ഉണ്ടാകാനിടയുണ്ട്.

അവരുടെ നിരുന്മേഷത്തെയും മൂഡൗട്ടുകളെയും അവഗണിക്കരുത്. അതെപറ്റിയുള്ള അന്വേഷണത്തിൽ അവർക്ക് ഗൈഡ്ലൈൻ നൽകേണ്ടതായ പല വിഷയങ്ങളും നമുക്ക് ലഭിച്ചേക്കാം.

## കെടുത്തു പറയാതിരിക്കുക

കുട്ടികളുടെ പ്രതികരണം എല്ലാ സമയങ്ങളിലും മാതാപിതാക്കളെ പ്രീതിപ്പെടുത്തുന്ന രീതിയിലാകണമെന്നില്ല. അനുസരണക്കേട്, അവരെ ഏൽപിക്കുന്ന ജോലി നല്ല രീതിയിൽ ചെയ്യാതിരിക്കൽ, സ്വഭാവദൂഷ്യം തുടങ്ങി പലതും അവരിൽ പ്രകടമായേക്കാം. ഇത്തരം രംഗങ്ങളിൽ സാധാരണ കുട്ടികളെ ആക്ഷേപിക്കുകയാണ് രക്ഷിതാക്കൾ ചെയ്യാറുള്ളത്. ഇത് ആവശ്യത്തിലധികമാകരുത്. ആക്ഷേപിക്കുന്നതിലുപരി എന്താണോ ശരി അത് അവരെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. എങ്കിൽ മാത്രമേ അവർക്ക് പാഠം ലഭിക്കുകയുള്ളൂ. ആക്ഷേപത്തിലൂടെ പാഠം പഠിക്കുകയില്ല. ആക്ഷേപം അവരുടെ ആത്മവിശ്വാസത്തെ നശിപ്പിക്കാനും മാതാപിതാക്കൾ തന്നെ സ്നേഹിക്കുന്നില്ല എന്ന് അവർക്ക് തോന്നാനും മാനസികമായി അവരെ തളരാനും കർമ്മങ്ങളിൽ താൽപര്യം കുറയാനും ഇട വരുത്തും. അവരുടെ മനസ്സിൽ ധിക്കാരമനോഭാവം ഉണ്ടാക്കുന്നതോടൊപ്പം അവർ സ്നേഹമില്ലാത്തവരായി മാറുകയും ചെയ്യും.

## ധിക്കാരത്തിന്റെയും അനുസരണത്തിന്റെയും ഗൃഹപാഠം



കുട്ടികൾ 2-3 വരെ പ്രായങ്ങളിൽ മൊത്തത്തിൽ തങ്ങളുടെ ഇഷ്ടങ്ങൾക്കാണ് പ്രാധാന്യം നൽകുക. അവരുടെ കളികൾക്കിടയിൽ ഭക്ഷണം, കുളി, ഡ്രസ്സിംഗ് തുടങ്ങിയ കാര്യങ്ങൾക്ക് വിളിച്ചാൽ അവരെ കിട്ടില്ല. എടുത്തു കൊണ്ടുവന്നാൽ പ്രതിഷേധവും കരച്ചിലും ഉണ്ടാകും. അത്തരക്കാരെ അവരുടെ കളിയോടൊപ്പം കാര്യം ശീലിപ്പിക്കുകയാണ് ചെയ്യേണ്ടത്.

4 മുതൽ മുകളിൽ പ്രായമുള്ളവർ മാതാക്കളെയാണ് ഏറെ ധിക്കരിക്കുക. മാതാക്കളോടുള്ള സ്നേഹവും അവരിൽനിന്ന് കിട്ടുന്ന സുരക്ഷാബോധവുമാണതിന് കാരണം. ഇത്തരക്കാരെ അനുസരണത്തിന്റെയും ധിക്കാരത്തിന്റെയും പാഠം അനുഭവത്തിലൂടെ പഠിപ്പിക്കണം. അടിച്ചേൽപ്പിക്കുന്ന രീതിയല്ല, അവരുടെ തന്നെ ആവശ്യമായാണ് കാര്യങ്ങളെ നിർദേശിക്കേണ്ടത്. അപ്പോഴാണ് അവർ ഗൃഹത്തോടും അതിലെ ആവശ്യങ്ങളോടും കൂടുതൽ അടുപ്പം പുലർത്തുകയുള്ളൂ.

ധിക്കാരം കൂടുതലുള്ളവരെ അങ്ങനെ തന്നെ വിട്ടാൽ അത് കൂടുതൽ വളരുകയും അവരെ തന്നിഷ്ടം വഷളാക്കുകയും ചെയ്യും. സ്നേഹം കുറയും. അനുസരണശീലം നല്ല രീതിയിൽ അവരെ അഭ്യസിപ്പിക്കണം. അതിലൂടെ മാത്രമേ ഗൃഹത്തോടും കുടുംബത്തോടും അവർക്ക് സ്നേഹം ഉണ്ടാവുകയുള്ളൂ.

മുതിർന്ന കുട്ടികളിൽ കാണുന്ന ധിക്കാരത്തിന്റെ പേരിൽ ഒരിക്കലും അവരോട് മാനസിക അകൽച്ച പ്രകടിപ്പിക്കരുത്. അത് അവരിൽ ഒളിച്ചോട്ടത്തിനുള്ള പ്രവണത വളർത്തും.

## പരസ്പര സ്നേഹം



ചില വീടുകളിൽ മക്കൾ തമ്മിൽ സ്നേഹപ്രകടനങ്ങൾ കുറവായിരിക്കും. മനസ്സിലായിരിക്കും അത് കൊണ്ടുനടക്കുക. അവർക്കിടയിൽ കുശുമ്പ് ഉണ്ടാകാൻ വലിയ താമസം വേണ്ടിവരില്ല. സ്വന്തം സാധനം മറ്റൊരാൾ എടുത്താൽ അതിന്റെ പേരിലായിരിക്കും വഴക്കാണം. അത് തീർക്കാനായിരിക്കും രക്ഷിതാക്കൾക്ക് നേരം.

**മിക്ക വീടുകളിലും കണ്ടുവരുന്ന ഈ ശീലത്തിന്**
**എന്താണ് കാരണം? ആരാണ് ഉത്തരവാദി?**

മാതാവിൽനിന്നോ പിതാവിൽനിന്നോ ഉള്ള പാരമ്പര്യം ഈ വിഷയത്തിൽ ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. അതോടൊപ്പം രക്ഷിതാക്കൾക്ക് തന്നെക്കാൾ സ്നേഹം അവനോടാണെന്ന തോന്നൽ, അതിന് വഴിവെക്കുന്ന രീതിയിലുള്ള അവരുടെ പെരുമാറ്റം, ഏതോ സാഹചര്യത്തിൽ നേരത്തെ ഉണ്ടായിത്തീർന്ന ദുർവാശി, മാതാപിതാക്കളുടെ ശിക്ഷാരീതി, സമീപനം എന്നിവയിലെ പക്ഷപാതിത്വം, ചീത്ത കൂട്ടുകെട്ട് തുടങ്ങി പല ഘടകങ്ങളും അതിന് നിമിത്തമായി വർത്തിക്കുന്നുണ്ട്. മക്കൾ എല്ലാവരോടും ഒരുപോലെ സ്നേഹവും ആദരവും ഉണ്ടെങ്കിൽ മാത്രമേ ഇത്തരം സ്വഭാവവൈകല്യങ്ങൾ കുട്ടികൾക്കിടയിൽ ഇല്ലാതിരിക്കുകയുള്ളൂ. പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തിയാൽ മാത്രമേ ഈ നിലപാട് മാറുകയുള്ളൂ.

## കുട്ടികളെ പിതാവുമായി അടുപ്പിക്കുക

ചില കുട്ടികളിൽ(പ്രത്യേകിച്ച് ആൺകുട്ടികളിൽ) കണ്ടുവരുന്ന ശീലമാണ് എല്ലാ സമയങ്ങളിലും അമ്മയോട് ചേർന്ന് നിൽക്കൽ. അയൽപക്കക്കാരുമായോ പുറത്ത് കൂട്ടുകാരുമായി കളിക്കാനോ അവർക്ക് താൽപര്യമുണ്ടാകില്ല. അമ്മയും അടുക്കളയും അമ്മയുടെ കൂട്ടുകാരികളുമായിരിക്കും അവരുടെ വൃത്തം. ഇത് പ്രോത്സാഹിപ്പിക്കരുതാത്ത സ്വഭാവമാകുന്നു. ഈ പ്രകൃതിയെ അതേ രീതിയിൽ വിട്ടാൽ പിന്നീട് അവരുടെ വ്യക്തിത്വ വികാസം, കാഴ്ചപ്പാട്, ബുദ്ധിപരമായ കഴിവുകൾ തുടങ്ങി പലതിലും പ്രയാസങ്ങൾ ഉണ്ടാകാനിടയുണ്ട്.

ആൺകുട്ടികളെ പിതാവുമായി ചേർക്കണം. അവരുടെ വ്യക്തിത്വം ശക്തമാകുവാനും കാര്യങ്ങളിൽ പ്രാപ്തിയുണ്ടാകുവാനും പുറമെയുള്ളവരുമായി ഇടപഴകി എല്ലാ വിഷയത്തിലും കഴിവ് നേടുവാനും അതിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

അയൽപക്കക്കാരുമായി കൂടുതൽ ഇടപഴകുന്ന കുട്ടിയുടെ മനസ്സ് വേഗം വളരുകയും കൂടുതൽ കാഴ്ചപ്പാടുകളുണ്ടാകുകയും ചെയ്യും. അമ്മയോട് ചേർന്ന് കഴിയുന്ന കുട്ടിയുടെ മനസ്സ് ധീരമായിരിക്കുകയില്ല. കാര്യങ്ങളെ തന്റേടത്തോടെ നേരിടാൻ അവർക്ക് സാധിക്കുകയില്ല. കാര്യങ്ങളെ യഥാവിധം ഓർക്കാനും പറ്റിയെന്ന വരില്ല. കൂട്ടുകൂടാനും അവർ പ്രാപ്തരായിരിക്കില്ല. പഠനത്തിൽ ശോഭിക്കാനുള്ള അവരുടെ കഴിവ് വളരെ പരിമിതമായിരിക്കും. ഏത് വിഷയത്തിലും ഭീരുത്വം അവരുടെ സഹചാരിയായിരിക്കും.

## നന്മക്ക് പ്രോത്സാഹനം

വീട്ടിൽനിന്നും പുറമെനിന്നുമുള്ള പ്രോത്സാഹനവും പ്രേരണയുമാണ് ഏത് കാര്യത്തിനും കുട്ടികൾക്കുള്ള പ്രചോദനം. നന്മയാണെങ്കിലും തിന്മയാണെങ്കിലും അവരെ സ്വാധീനിക്കത്തക്ക വിധം താൽപര്യം ഉണ്ടാക്കുമ്പോഴാണ് അവരതിനോട് സമീപ്പിക്കുക.



നന്മയോടുള്ള താൽപര്യമാണ് തിന്മയോടുള്ളതിനെക്കാൾ ഏറെ മനസ്സുകളെ സ്വാധീനിക്കുക. അതിനാൽ നല്ലത് ചെയ്യുവാനുള്ള ശീലം കുട്ടികളിൽ നേരത്തെ തന്നെ വളർത്തിയെടുക്കുക. പിന്നീട് നിർബന്ധമോ മറ്റു സ്വാധീനമോ ഇല്ലാതെ അത്തരം വിഷയങ്ങളോട് ക്രിയാത്മകമായി സമീപിക്കുവാൻ അവർക്ക് സ്വയം സാധിക്കും. പക്ഷേ, രക്ഷിതാക്കൾ അവരുടെ മുമ്പിൽ മാതൃകയായി ഉണ്ടാകണം. അത്തരം വിഷയങ്ങളിൽ അവർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകാനും രക്ഷിതാക്കൾ തയാറാകണം. നന്മകൾ ഏതൊക്കെയെന്ന് പ്രത്യേകം സൂചിപ്പിക്കാനാകില്ല. വീട് വൃത്തിയാക്കുന്നതിൽ, മറ്റുള്ളവരോട് പെരുമാറുന്നതിൽ, മറ്റുള്ളവരെ സഹായിക്കുന്നതിൽ, ചീത്ത സ്വയം വർജിക്കുന്നതിൽ, പ്രാർഥന ശീലിപ്പിക്കുന്നതിൽ, സത്യം പറയുന്നതിൽ.... കുറെ വിഷയങ്ങളുണ്ട് ഈ ഗണത്തിൽ എണ്ണി വാനായിട്ട്.

## ഹോംവർക്കുകളിൽ സഹായിക്കുക

കുട്ടികൾ സ്വന്തമായി ചെയ്യേണ്ട അവരുടെ കാര്യമല്ല പഠനം. കുട്ടികൾക്കുള്ളതുപോലെ രക്ഷിതാക്കൾക്കുമുണ്ട് ബാധ്യത. പഠന വിഷയത്തിൽ കുട്ടികളെ തനിയെ വിടരുത്. കഴിവതും അവരുമായി സഹകരിച്ചെങ്കിൽ മാത്രമേ അത് കാര്യക്ഷമമായി മുന്നോട്ട് പോവുകയുള്ളൂ.

അന്വേഷണം, നിർദേശം, ആവശ്യങ്ങളുടെ നിർവഹണം തുടങ്ങി ഒട്ടേറെ കാര്യങ്ങളുണ്ട് രക്ഷിതാക്കൾക്ക് ശ്രദ്ധിക്കുവാനായി. അതിൽ പ്രധാനമാണ് ഹോംവർക്കുകളിൽ കഴിവതും സഹായിക്കുകയെന്നത്. അതോടൊപ്പം സ്കൂളിലേക്ക് പോകാനാവശ്യമായ അവരുടെ സജ്ജീകരണങ്ങളിലും ശ്രദ്ധിക്കുകയെന്നതും വലിയ ആവശ്യമാണ്. പഠനത്തെ ഗൗരവമായി കാണാനും തന്നോടും തന്റെ പഠനത്തോടും രക്ഷിതാക്കൾക്കുള്ള താൽപര്യം അവർക്ക് ബോധ്യപ്പെടുവാനും അത് അനിവാര്യമാണ്.

രക്ഷിതാക്കളുമായി മനസ്സുകൾ അടുക്കുവാൻ അതിലൂടെ സാധിക്കും. ഈ രീതി ഇല്ലാത്തപ്പോഴാണ് പഠനം തന്റെ സൗകര്യത്തിന് കൊണ്ടുപോകുന്നതും പ്രോഗ്രസ്സ് കാർഡിൽ സ്വയം രക്ഷിതാവായി ഒപ്പ് ചാർത്തുന്നതുമൊക്കെ.

## ക്ഷമാപണം ചെയ്യുക

കുട്ടികളോട് സോറി പറയുന്നത് പിതൃ/മാതൃസ്ഥാനത്തിന് ചേർന്നതല്ലെന്നും കുട്ടിക്ക് സ്വയം ന്യായീകരിക്കാനുള്ള ത്വര കൂടുമെന്നുമൊക്കെ പൊതുവെ വിചാരമുണ്ട്. രക്ഷിതാക്കൾ ചെയ്യുന്ന തെറ്റുകൾ/ അബദ്ധങ്ങൾ അവർ മിണ്ടാതെ സഹിക്കണമെന്നതാണ് അതിന്റെ പൊരുൾ. ഇത് നല്ല പ്രവണതയല്ല. കുട്ടികളോട് ക്ഷമാപണം ചെയ്യണം. മനസ്സ് തുറക്കണം. പക്ഷേ, അത് വലിയവരോടുള്ള ക്ഷമാപണത്തിന്റെ ശൈലിയിലല്ല വേണ്ടത്.

കുട്ടികളെ അമിതമായി ശിക്ഷിച്ചാൽ, ചീത്ത പറഞ്ഞാൽ, അവരുടെ താൽപര്യങ്ങളെ നിഷ്കരുണം തടഞ്ഞാൽ, അവരുടെ നല്ലതായ തീരുമാനങ്ങളെ തടസ്സപ്പെടുത്തിയാൽ, അവരുടെതല്ലാത്തെ തെറ്റുകളുടെ പേരിൽ അവരെ തെറ്റിദ്ധരിച്ചാൽ.... ഇതൊക്കെ നമുക്ക് അവരോട് മനസ്സ് തുറക്കാനുള്ള അവസരമാണ്.

ശാന്തമായ അവസ്ഥയിൽ അവരെ അടുത്ത് വിളിച്ചു വരുത്തി ഗുണദോഷത്തിലൂടെ, ഉപദേശത്തിലൂടെ കാര്യങ്ങൾ പറയുകയും തന്റെ ഭാഗത്തുന്റായ അമിതത്വം പറയുകയും അതിന് കാരണം അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക. ഈ രീതി അവരെ രക്ഷിതാക്കളുമായി ഏറെ അടുപ്പിക്കുകയും വീണ്ടുവിചാരത്തിലേക്ക് അവരെ നയിക്കുകയും ചെയ്യും. സന്ദർഭത്തിനു ചേർന്ന വാക്കുകൾ ഉപയോഗിച്ചുവേണം ഇത് നടത്തുവാൻ. കാരണം അവരുടെ ഉള്ളിലുമുണ്ടല്ലോ ഒരു വ്യക്തി. ആ വ്യക്തിയെ ആദരിക്കുക തന്നെ വേണം.

## പൊതുസമീപന പ്രാപ്തി

സാമാന്യബോധം എന്ന് പറഞ്ഞാൽ മതിയായിരുന്നു. പക്ഷേ, ബോധമുണ്ടായാൽ പോരാ, ജീവിതത്തിൽ ഉണ്ടാകേണ്ട ചില കാര്യങ്ങളാണവ. അത് കുട്ടികളിൽ ഉണ്ടാക്കുവാൻ രക്ഷിതാക്കളാണ് ശ്രമിക്കേണ്ടത്.

പിതാവിന്റെ അഭാവത്തിൽ അദ്ദേഹത്തെ അന്വേഷിച്ച് അപരിചിതനായ ഒരാൾ ടെലഫോൺ ചെയ്താൽ, വീട്ടിൽ ആരുമില്ലാത്തപ്പോൾ പിതാവിനെ/ മാതാവിന്റെ തേടി ആരെങ്കിലും വന്നാൽ, തീർത്തും അപരിചിതരായ ആളുകൾ വീട്ടിൽ വന്ന് വല്ലതും ചോദിച്ചാൽ, ആളുകളുമായി ഇടപഴകുമ്പോൾ, അഭിപ്രായങ്ങൾ പറയുമ്പോൾ, സാധനങ്ങൾ വാങ്ങുമ്പോൾ.... ഇവിടെയൊക്കെ അപരിചിതത്വവും കഴിവില്ലായ്മയും പ്രകടിപ്പിച്ചാൽ അവരുടെ ജീവിതത്തിൽ പ്രയാസങ്ങളുണ്ടാകും തീർച്ച. ഇവിടെയൊക്കെ ഏത് രീതിയിൽ പ്രവർത്തിക്കണമെന്ന കാഴ്ചപ്പാട് രക്ഷിതാക്കൾ മക്കൾക്ക് നൽകുക തന്നെ വേണം.

ജീവിതത്തിന്റെ എല്ലാ വിഷയവും സ്കൂളിൽനിന്നല്ല വീട്ടിൽനിന്നാണ് അവർക്ക് ലഭിക്കേണ്ടത്. അതിൽ പ്രധാനമാണ് പ്രയോഗിക ജീവിതത്തിലുണ്ടാകുന്ന് മുകളിൽ സൂചിപ്പിച്ചത് പോലുള്ള കാര്യങ്ങൾ.

ജലീൽ താഴശ്ശേരി
info@vazhi.org
jthrees@hotmail.com